# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4222 — 13.12.2018 ൽ മറുപടിക്ക്

## പരമ്പരാഗത ഈറ്റ ശേഖരണ തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആന്റണി ജോൺ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പൂയംകുട്ടി വനമേഖലയിൽ നിന്നും കഴിഞ്ഞ രണ്ടു വർഷത്തോളമായി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ യഥാക്രമം പേപ്പർ ഈറ്റ, നെയ്ത്ത് ഈറ്റ എന്നിവ ശേഖരിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പൂയംകുട്ടി വനമേഖലയിൽ നിന്നും കഴിഞ്ഞ 2 വർഷവും വനംവകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ ഈറ്റ ശേഖരിച്ച് വിതരണം ചെയ്തിട്ടുള്ളതാണ്. 2016-17 വർഷത്തിൽ 533 എം.ടി., 2017-18 വർഷത്തിൽ 678 എം.ടി. എന്നിങ്ങനെ പൂയംകുട്ടി വനമേഖലയിൽ നിന്നും ഈറ്റ ശേഖരിച്ച് പനമ്പ് നെയ്ത്തുകാർക്ക് നെയ്ത്തിനായി വിതരണം ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിൽ പൂയംകുട്ടി വനമേഖലയിൽ നിന്നും ഈറ്റ ശേഖരിക്കാനുള്ള അനുവാദം വനം വകുപ്പ് നൽകിയാൽ മാത്രമേ കോർപ്പറേഷന് വനത്തിൽ നിന്നും ഈറ്റ ശേഖരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത ഭാഗത്തെ ഈറ്റ ശേഖരണം നടക്കാത്തതിന്റെ ഫലമായി ഈറ്റവെട്ടിയും പനമ്പ് നെയ്തും കയറ്റിറക്ക ചെയ്തും ജീവിച്ച വന്നിരുന്ന നൂറ് കണക്കിന് തൊഴിലാളികൾക്ക് | (ബി) കോർപ്പറേഷന് 2018-19 വർഷത്തിൽ പൂയംകുട്ടി വനമേഖലയിൽ നിന്നും ഈറ്റ ശേഖരിക്കാൻ വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഭാഗത്ത് ഈറ്റ ശേഖരണം |

| | | | |
|---|---|---|---|
| | തൊഴിൽ നഷ്ടം സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | നടക്കാത്തതിന്റെ ഫലമായി ഈറ്റ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം സംഭവിക്കാതിരിക്കാൻ കോർപ്പറേഷന് ഈറ്റ ശേഖരിക്കാൻ അനുമതി ലഭിച്ചിട്ടുള്ള മേഖലകളായ ഇടമലയാർ, അടിമാലി, താളുംകണ്ടം മേഖലകളിൽ പൂയംകുട്ടി മേഖലയിൽ നിന്നുള്ള തൊഴിലാളികൾക്ക് ഈറ്റ വെട്ടാൻ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിലെ ഈറ്റ ശേഖരണം നിർത്തുവാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (സി) | വനം വകുപ്പ് നൽകുന്ന അനുമതിക്ക് വിധേയമായി മാത്രമാണ് കോർപ്പറേഷൻ വനത്തിൽ നിന്ന് ഈറ്റ ശേഖരണം നടത്തുന്നത്. 2018-2019 വർഷം ഫോറസ്റ്റ് നിയമമനുസരിച്ച് റസ്റ്റ് പിരീഡ് ആയതിനാൽ പൂയംകുട്ടി വനമേഖലയിൽ ഈറ്റ ശേഖരിക്കാനുള്ള അനുമതി വനം വകുപ്പിൽ നിന്ന് ലഭ്യമായിട്ടില്ല. അതിനാൽ ഈറ്റ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറക്ക് ഈ മേഖലയിൽ നിന്ന് ഈറ്റ ശേഖരിക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | ഈറ്റ ശേഖരണം നിർത്തിയതോടെ പരമ്പരാഗത മേഖലയിൽ തൊഴിലെടുത്തിരുന്നവരുടെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് ഈറ്റ ശേഖരണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (ഡി) | പൂയംകുട്ടി വനമേഖലയിൽ തൊഴിലെടുക്കുന്ന പരമ്പരാഗത ഈറ്റ വെട്ട് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ടി 2018-2019 വർഷത്തിൽ വനം വകുപ്പിൽ നിന്നും ഈറ്റ ശേഖരിക്കുന്നതിന് അനുമതിയുള്ള അടിമാലി, ഇടമലയാർ, താളുംകണ്ടം വനമേഖലകളിൽ ഈറ്റ വെട്ടുന്നതിന് അവസരമുണ്ട്. വനം വകുപ്പ് അനുമതി നൽകുന്ന മുറക്ക് പൂയംകുട്ടി വനമേഖലയിൽ ഈറ്റ ശേഖരണം പുനരാരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ